Kerala Catholic Bishop's Council (KCBC)
*Secretariat, Pastoral Orientation Centre, P.B. No. 2251, Palarivattom, Kochi-682 025, Kerala, India*
*Tel: +91-484-2805722, 2805815, Fax: +91-484-280614*
*E-mail: deputysecretarykcbc@gmail.com, www.kcbcsite.com*

9.4.2018

All Kerala Press Release
*Ref: 615/KCBC/K-6/KPR/DS*

## അറസ്റ്റു ചെയ്ത നേതാക്കളെ ഉടൻ വിട്ടയയ്ക്കണം: കെസിബിസി

കൊച്ചി: പട്ടികജാതി, പട്ടികവർഗ പീഡനനിരോധന നിയമം ദുർബലപ്പെടുത്തുന്ന നിലപാടുകൾക്കെതിരേ നടത്തിയ ഭാരതബന്ദിൽ പങ്കെടുത്ത ദളിതരെ വെടിവച്ചുകൊന്നതിൽ പ്രതിഷേധിച്ച് കേരളത്തിൽ ഹർത്താലിന് ആഹ്വാനം നല്കിയ ദളിത് സംഘടനാ നേതാവ് എം. ഗീതാനന്ദനെയും വനിതകളുൾപ്പെടെയുള്ള നേതാക്കളെയും അറസ്റ്റ് ചെയ്ത പോലീസ് നടപടി പ്രതിഷേധാർഹമാണ്. സമീപകാലത്ത് കേരളത്തിൽ നടന്ന ഹർത്താലുകളിലും പൊതുപണിമുടക്കുകളിലും പോലീസ് സ്വീകരിക്കാത്ത നടപടികളാണ് ഏപ്രിൽ 8,9 തീയതികളിലായി സംസ്ഥാനത്ത് നടന്നത്. സമാധാനപരമായി സമരം ചെയ്യാനുള്ള ഇന്ത്യൻ പൗരന്റെ അവകാശങ്ങളെ അധികാരികൾ നിഷേധിക്കരുത്. ഇന്ത്യയിലെ ദളിത് സമൂഹങ്ങൾ ഉയർത്തിയിട്ടുള്ള ആവശ്യങ്ങൾ അതിജീവനത്തിനും ജീവന്റെ സുരക്ഷയ്ക്കും വേണ്ടിയുള്ളതാണ്. സ്വാതന്ത്ര്യത്തിന്റെ ഏഴുപതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഇന്ത്യയിലെ ദളിതർ വിവേചനവും അക്രമവും നേരിട്ടുകൊണ്ടിരിക്കുന്നു. സമീപകാലത്ത് രാജ്യത്താകമാനം വർധിച്ചുവരുന്ന ദളിത്-ന്യൂനപക്ഷ പീഡനങ്ങൾ ഉത്കണ്ഠാജനകവും പ്രതിഷേധാർഹവുമാണ്. മനുഷ്യാന്തസ്സിനും തുല്യാവകാശങ്ങൾക്കും വേണ്ടിയുള്ള ട്രൈബൽ-ദളിത് ജനവിഭാഗങ്ങളുടെ സമരങ്ങൾക്ക് സമൂഹത്തിന്റെ മുഴുവൻ പിന്തുണ ലഭിക്കാൻ അർഹതയുണ്ട്. ഇന്നത്തെ സമരത്തിൽ സ്വമേധയാ പങ്കെടുത്തിട്ടുള്ളവർ നീതിയുടെ പക്ഷത്താണ് നിലയുറപ്പിച്ചിട്ടുള്ളത്. അധികാരം കൈയാളുന്നവർക്കും പ്രതിപക്ഷത്തായിരിക്കുന്നവർക്കും മാത്രമേ സമരം ചെയ്യാൻ അവകാശമുള്ളൂ എന്ന ചിന്ത ജനാധിപത്യത്തിന് ഭൂഷണമല്ല. ഇന്ത്യയുടെയും കേരളത്തിന്റെയും ജനകീയ പ്രതിരോധസമരങ്ങളെ വിസ്മരിക്കുന്നവർക്കും കണ്ടില്ലെന്ന് നടിക്കുന്നവർക്കും മാത്രമേ ഇത്തരം നടപടികളെ അനുകൂലിക്കാനാവൂ. അറസ്റ്റ് ചെയ്തിട്ടുള്ള ഗീതാനന്ദൻ ഉൾപ്പെടെയുള്ള നേതാക്കളെയും, പ്രവർത്തകരെയും ഉടൻ വിട്ടയക്കണം

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗിക വക്താവ്, കെ.സി.ബി.സി.
ഡയറക്ടർ, പി.ഒ.സി.